# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 197 — 11/03/2020-ൽ മറുപടിക്ക്

### കായംകുളം താപവൈദ്യുത നിലയത്തിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി

| | ചോദ്യം<br>**ശ്രീ.എസ്.ശർമ്മ**<br>**,, രാജു എബ്രഹാം**<br>**ശ്രീമതി.യു. പ്രതിഭ**<br>**ശ്രീ.ഡി.കെ. മുരളി** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | എൻ.റ്റി.പി.സി. കായംകുളം താപവൈദ്യുത നിലയത്തിൽ ഉല്പാദിപ്പിച്ച് വൈദ്യുതി ബോർഡിനു നൽകുന്ന വൈദ്യുതിക്ക് ശരാശരി എത്ര വിലയാണ് ഈടാക്കുന്നത്; | (എ) | നിലവിൽ എൻ.റ്റി.പി.സി. വൈദ്യുതി നിലയത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുകയോ കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങുകയോ ചെയ്യുന്നില്ല. താപനിലയത്തിന്റെ ഇന്ധനമായ നാഫ്തയുടെ ഭീമമായ വിലയാണ് ഇതിനു കാരണം. നിലവിലെ നാഫ്തയുടെ വില അനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഏകദേശം 10 രൂപയിൽ കൂടുതൽ ചിലവ് വരും. എന്നാൽ ഉല്പാദിപ്പിച്ച വൈദ്യുതി വാങ്ങുന്നില്ലെങ്കിൽ കൂടി താപനിലയം നിലനിർത്തുന്നതിന് ഫിക്സഡ് ചാർജ് ഇനത്തിൽ എൻ.റ്റി.പി.സി. യ്ക്ക് വർഷം തോറും 200 കോടി രൂപ നൽകേണ്ടി വരുന്നുണ്ട്. |
| ബി) | അമിത വില കാരണം ഈ നിലയത്തിൽ നിന്നുള്ള വൈദ്യുതി കെ.എസ്.ഇ.ബി. ലിമിറ്റഡ് വാങ്ങുന്നില്ലെങ്കിലും നൽകേണ്ടി വരുന്ന ഫിക്സഡ് കോസ്റ്റ് വർദ്ധിപ്പിക്കാൻ എൻ.റ്റി.പി.സി. ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. സി.ഇ.ആർ.സി. ഉത്തരവു പ്രകാരം 2014-19 കാലയളവിലേക്കുള്ള ഫിക്സഡ് ചാർജ് ശരാശരി 300 കോടി രൂപയാണ്. എൻ.റ്റി.പി.സി. ഫിക്സഡ് ചാർജ് ഇനത്തിൽ ഈ തുക ആവശ്യപ്പെട്ടുവെങ്കിലും സർക്കാർ ഇടപെടലിലൂടെ അത് പ്രതിവർഷം 200 കോടിയായി 2014-19 കാലയളവിൽ കുറച്ചിരുന്നു. ഇതിനു ശേഷം ഏപ്രിൽ 2019 മുതലുള്ള കാലയളവിലേക്ക് എൻ.റ്റി.പി.സി. 297 കോടി രൂപ 2019-20 ലേക്ക് ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായ കണക്കുകൾ പ്രകാരം നിലയം പരിപാലിക്കാൻ ആവശ്യമായ ചെലവുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് കണക്കാക്കി പ്രതിവർഷം 62.35 കോടി രൂപ തോതിൽ ഫിക്സഡ് ചാർജിനത്തിൽ നൽകി വരുന്നു.<br>ഈ നിലയം കൂടാതെ എൻ.റ്റി.പി.സി. യുടെ മറ്റു നിലയങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് യാതൊരു മുടക്കവും കൂടാതെ |

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബി. ലിമിറ്റഡ് പണം നൽകി വരുന്നുണ്ട്. ഇപ്രകാരം ഇതരനിലയങ്ങൾക്കു നൽകുന്ന വൈദ്യുതി ചാർജ് എൻ.റ്റി.പി.സി. കായംകുളം നിലയത്തിന്റെ ഉയർന്ന ഫിക്സഡ് ചാർജിനത്തിലേക്ക് അഡ്ജസ്റ്റ് ചെയ്യുകയും മറ്റു നിലയങ്ങൾക്കു കുടിശ്ശിക യുള്ളതായി വരുത്തി തീർക്കുകയും ചെയ്ത് എല്ലാ എൻ.റ്റി.പി.സി. നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതി 10.03.2020 മുതൽ നൽകുന്നതല്ല എന്നു പറഞ്ഞ് 22.02.2020 ൽ ഒരു റെഗുലേഷൻ നോട്ടീസ് കെ.എസ്.ഇ.ബി.ലിമിറ്റഡിനു നൽകിയി ട്ടുണ്ട്. ആയതിന്മേൽ ഉചിതമായ തുടർനട പടികൾ കെ.എസ്.ഇ.ബി.ലിമിറ്റഡ് സ്വീക രിച്ചു വരുന്നു. |
| (സി) | നിലവിൽ വൈദ്യുതി ഉൽപ്പാദനമില്ലാത്ത കായംകുളം തെർമൽ സ്റ്റേഷനിൽ താപവൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ എൻ.റ്റി.പി.സി.യോട് ആവശ്യ പ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പ ത്തിക നില സുശക്തമാക്കുന്നതിന് സ്വീക രിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്? | (ഡി) | കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>**1.** മുൻകാലങ്ങളിലെന്ന പോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശയുള്ള വായ്പകളായി മാറ്റുന്നുണ്ട്.<br>**2.** മിതമായ നിരക്കിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തനമികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യ തകൾ കുറവുവരുത്തുവാൻ ശ്രമിക്കു ന്നുണ്ട്.<br>**3.** ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.<br>**4.** കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാ യതിലൂടെ AT&C Loss ഉം നഷ്ടവും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br>**5.** വൈദ്യുതി ചാർജ്ജിനത്തിൽ ബോർ ഡിനു കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടു ക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു ണ്ട്. |

| | | | |
|---|---|---|---|
| | | | **6.** ഡി.ഡി.യു.ജി.ജെ.വൈ., ഐ.പി.ഡി.എസ്. പദ്ധതികൾക്കായുള്ള കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതു വരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചതു നിമിത്തം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ